കാണിക്കണമെന്ന് വ്യവസ്ഥയുള്ളു. അവയ്ക്ക് ന്യായവില പ്രകാരമുള്ള മുദ്ര വില തീർത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് നിയമം നിഷ്കർഷിക്കുന്നു. ഭൂമിയുടെ കൈമാറ്റം ഉൾപ്പെടാത്ത ആധാരങ്ങൾക്ക് ന്യായവില ബാധകമല്ല എന്ന കാര്യം മേൽപ്പറഞ്ഞ നിയമത്തിൽ തന്നെ വ്യക്തമാണ് എന്നതിനാൽ പ്രത്യേക നിർദ്ദേശം നൽകേണ്ടതായ സാഹചര്യം ഇല്ല.

ഭൂമിയുടെ ന്യായവില

237 (1995) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിശ്ചയിച്ച ഭൂമിയുടെ ന്യായവില തത്ക്കാലം നടപ്പാക്കേണ്ടതില്ല എന്ന് കാണിച്ച് വകുപ്പുതലത്തിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ന്യായവില നിശ്ചയിച്ചതുമൂലം സർക്കാരിന് എത്ര അധിക വരുമാനം ലഭിച്ചു ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) 2005-06 മുതലുള്ള രജിസ്ട്രേഷൻ വകുപ്പിന്റെ വരുമാനം സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു.

2005-06	988.24 കോടി രൂപ
2006-07	1383.08 കോടി രൂപ
2007-08	1872.89 കോടി രൂപ
2008-09	1865.82 കോടി രൂപ
2009-10	1731.33 കോടി രൂപ

2010 ഏപ്രിൽ 1 മുതലാണ് ഭൂമിയുടെ ന്യായ വില സംസ്ഥാനത്ത് നടപ്പാക്കിയത്. നടപ്പ് സാമ്പത്തിക വർഷത്തിൽ നവംബർ മാസം വരെയുള്ള വരുമാനം 1445.82 കോടി രൂപയാണ്.

അലങ്കാര മത്സ്യകൃഷി

238 (1996) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് :

LIBRARY ARCHIVES Kerala Legislative Assembly

(ബി) അലങ്കാര മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് സ്ത്രീകളുടെ സ്വാശ്രയ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ :

(സി) ഈ ഗ്രൂപ്പുകൾക്ക് ടാങ്കുകൾ നിർമ്മിക്കുന്നതിനും ഗുണമേന്മയുള്ള മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിനും ആവശ്യമായ സഹായങ്ങൾ നൽകുമോ :

(ഡി) കേരളത്തിൽ നിന്നും അലങ്കാര മത്സ്യകയറ്റുമതിക്ക് ഏതെല്ലാം രാജ്യങ്ങളുമായി വ്യാപാര നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അലങ്കാര മത്സ്യക്കയറ്റുമതിയും കൂടാതെ അലങ്കാര മത്സ്യ ഉൽപാദനത്തിനായി സാറ്റലൈറ്റ് ഫാമുകൾ, ഹോംസ്റ്റെഡ് ഫാമുകൾ എന്നിവ ആരംഭിക്കുന്നതിനായി സാങ്കേതിക ജോലികളും ഏറ്റെടുത്ത് നടത്തി വരുന്നു.

(ബി) സ്വാശ്രയ ഗ്രൂപ്പുകളിൽപ്പെട്ട സ്ത്രീകൾക്ക് ഒരു കുടുംബത്തിൽ ഒരു യൂണിറ്റ് എന്നതാണ് പദ്ധതി. ഒരു യൂണിറ്റ് തുടങ്ങാൻ 1 ലക്ഷം രൂപ മൂലധന ചെലവ് വരും. ഇതിൽ 50,000 രൂപ ഗവൺമെന്റ് സബ്സിഡിയായി നൽകുന്നു. വ്യക്തികൾക്ക് 25,000 രൂപയും സബ്സിഡിയായി നൽകി വരുന്നു. ഇവർക്ക് സ്റ്റൈപ്പന്റോടുകൂടി 4 ദിവസത്തെ പരിശീലനം നൽകി വരുന്നു.

(സി) ആവശ്യമായ സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ നൽകും. പണി പൂർത്തിയായ യൂണിറ്റുകൾക്ക്, ഗുണമേന്മയുള്ള മത്സ്യ കുഞ്ഞുങ്ങളെ നൽകി വരുന്നു.

(ഡി) പ്രധാനമായും യു.എസ്.എ, യൂറോപ്പ്, ദുബായ് എന്നീ രാജ്യങ്ങളുമായി വ്യാപാര നടപടികൾ ആരംഭിച്ചിട്ടുണ്ട്.

പ്രധാന തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി തീർത്ഥാടന ടൂറിസം

239 (1997) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. മുരളി :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ദേവസ്വം ബോർഡിന്റെ കീഴിൽ ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ തീർത്ഥാടന ടൂറിസം വികസിപ്പിക്കാൻ സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ :

(ബി) എങ്കിൽ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഏതൊക്കെ തീർത്ഥാടന കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തിയാണ് ഈ പദ്ധതി തയ്യാറാക്കിയിട്ടുള്ളത് :

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly